പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 415

18.10.2011 -ൽ മറുപടിയ്ക്ക്

## അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധന

**ചോദ്യം**

ശ്രീ. ഇ.ചന്ദ്രശേഖരൻ
ശ്രീ. വി.എസ്.സുനിൽ കുമാർ
ശ്രീ. കെ.അജിത്
ശ്രീ. ജി.എസ്.ജയലാൽ

(എ) അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധന സ്വകാര്യവൽക്കരിക്കാൻ കേന്ദ്രം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങാൻ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ലൈസൻസ് നേടാനുള്ള ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) കേന്ദ്ര ഉപഭോക്തൃകാര്യ വിഭാഗത്തിന്റെ വിജ്ഞാപന പ്രകാരമുള്ള തരം തിരിവ് എങ്ങിനെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ചട്ടങ്ങളിൽ പറയുന്ന ഫീസ് നിരക്കുകൾ ഓരോ ഇനത്തിലും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത സ്വകാര്യവൽക്കരണം മൂലം സംസ്ഥാനത്തിന് എന്തു നഷ്ടമുണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പുമന്ത്രി)

(എ), (ബി), (സി), (ഡി)

അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധന സ്വകാര്യവൽക്കരിക്കാൻ കേന്ദ്രം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒമ്പതിനം അളവ് തൂക്ക ഉപകരണങ്ങളുടെ പരിശോധന ഗവൺമെന്റ് അപ്രൂവ്ഡ് ടെസ്റ്റ് സെന്ററുകൾ (Government Approved Test Centres-GATC) മുഖേന നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

(ഇ) കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടില്ലാത്തതിനാൽ സംസ്ഥാന സർക്കാരിന് നഷ്ടം കണക്കാക്കാൻ സാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ